## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **29.05.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 578**

**വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കൽ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | കേരളത്തിൽ വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായും അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിലേയ്ക്കുമായി വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിൽ വന്നു. കൂടാതെ വിവിധ വകുപ്പുകളിലെ 10 ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുമുണ്ട്.<br><br>ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയ ശേഷം കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ),വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാനാകും എന്നതാണ് |

| | | | |
|---|---|---|---|
| | | | വ്യവസായ രംഗത്ത് വന്നിട്ടുള്ള പ്രധാനമാറ്റങ്ങൾ.<br><br>സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ KSIDC വികസിപ്പിച്ചിട്ടുണ്ട്. |
| **(ബി)** | ഇതിലൂടെ പുതിയ വ്യവസായസംരംഭകരുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | **(ബി)** | 11.02.2019 ൽ കെ സ്വിഫ്റ്റ് പോർട്ടൽ നിലവിൽ വന്നതിനു ശേഷം **305** അപേക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായും ഇതിൽ **123** അപേക്ഷകൾ അനുമതികൾക്കായി ലഭിച്ചിട്ടുള്ളതായും ഇവയെല്ലാം വിവിധ വകുപ്പുകളിൽ നിന്നും ജില്ലാതലത്തിൽ അനുമതി ആവശ്യമുള്ളവയായിട്ടുള്ളതാണെന്നും നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| **(സി)** | വ്യവസായങ്ങൾക്ക് 30 ദിവസത്തിനുള്ളിൽ അനുമതി നൽകുന്നതിന് കെ സ്വിഫ്റ്റ് പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ? | **(സി)** | ഉണ്ട്. |

സെക്ഷൻ ഓഫീസർ